<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1983</u> <u>20-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ക്ഷീരമേഖലയുടെ വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരമേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നൂതന ആശയങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ; | (എ) | ക്ഷീരമേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനായി ക്ഷീര യുവ, ക്ഷീരതീരം, കിടാരി പാർക്ക്, ക്ഷീരലയം എന്നീ നൂതന പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രസ്തുത മേഖലയിലേയ്ക്ക് യുവ സംരംഭകരെ ആകർഷിക്കുന്നതിനും, വ്യത്യസ്ഥങ്ങളായ ഭൂപ്രകൃതിയിൽ ഉള്ളവരെ കൊണ്ടുവരുന്നതിനും ഉതകുന്നതായ പ്രത്യേകമായ പദ്ധതികളാണ് വകുപ്പ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇവയെല്ലാം ക്ഷീരമേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിലൂടെ ഈ മേഖലയിലേക്ക് കൂടുതൽ ഗുണഭോക്താക്കളെ ചേർക്കുന്നതിനും കഴിയുന്നു. |
| (ബി) | ക്ഷീരമേഖലയിലെ ശുചിത്വപാലനത്തിനും കൂലിചെലവ് കുറയ്ക്കുന്നതിനും വേണ്ടി യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഗുണനിലവാരമുള്ള പാലുല്പാദനം സാധ്യമാക്കുന്നതിന് കാലിത്തൊഴുത്ത് വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ക്ഷീരമേഖലയിലെ ശുചിത്വ പാലനത്തിനും കൂലിച്ചെലവ് കുറയ്ക്കുന്നതിനും ഉപകരിക്കുന്ന പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. മിൽക്ക് ഷെഡ് പദ്ധതിയിലുൾപ്പെട്ട Mechanization and Modernisation of cattle shed, ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം പദ്ധതിയുലുൾപ്പെട്ട Assistance for improving farm level hygiene, തീറ്റപ്പുൽകൃഷി പദ്ധതിയിലുൾപ്പെട്ട Fodder–Assistance for automation of Fodder cultivation activities എന്നിവയെല്ലാം ക്ഷീര മേഖലയിലെ ശുചിത്വ പാലനത്തിനും യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള പദ്ധതികളാണ്. |
| (സി) | കന്നുകാലികളുടെ ഉല്പാദന ശേഷിയും രോഗപ്രതിരോധ ശേഷിയും മെച്ചപ്പെടുത്തുന്നതിന് | (സി) | തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ Clean Milk Production Kit പദ്ധതി, Distribution of Cattle |

| | | | |
|---|---|---|---|
| | കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | | Feeding supplement/Mineral Mixture at Subsidised Rate പദ്ധതി, ക്ഷീരസംഘങ്ങളിലൂടെ Special care package to cows in late pregnancy to early lactation period എന്നീ പദ്ധതികളെല്ലാം കന്നുകാലികളുടെ ഉല്പാദന ശേഷിയും രോഗപ്രതിരോധ ശേഷിയും മെച്ചപ്പെടുത്തുന്നതിന് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നവയാണ്.<br><br>കന്നുകാലികളുടെ രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനായി, കുളമ്പുരോഗം, ബ്രൂസല്ലോസിസ്, ചർമമുഴരോഗം, Classical Swine Fever (CSF), Peste des petits ruminants (PPR), തുടങ്ങിയ കന്നുകാലികൾ, പന്നി, ആട് എന്നിവയെ ബാധിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങൾക്കെതിരെയുള്ള വാക്സിനേഷനുകൾ, ക്യാമ്പെയിനുകളായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. ഇത് കൂടാതെ ആന്ത്രാക്സ്, Hemorrhagic septicemia (HS), Black Quarter (BQ) തുടങ്ങിയ വാക്സിനേഷനുകളും ആവശ്യാനുസരണം നടത്തുന്നു. ക്യാമ്പെയിനുകൾ പ്രഖ്യാപിക്കുന്നതിനോടൊപ്പം, ക്ഷീര കർഷകർക്ക് അതാത് രോഗങ്ങളെ പറ്റിയുള്ള കൃത്യമായ ബോധവത്കരണവും മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്നുണ്ട്. |
| (ഡി) | കന്നുകാലികളിലെ വന്ധ്യത പരിഹരിക്കുന്നതിനും കൃത്രിമബീജ സങ്കലനം മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ? | (ഡി) | കന്നുകാലികളിലെ വന്ധ്യതാ പരിഹരിക്കുന്നതിന് വന്ധ്യത നിവാരണ ക്യാമ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്നു. കൂടാതെ സംസ്ഥാനത്തെ കന്നുകാലികളുടെ പ്രത്യുല്പാദന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ആലുവ കേന്ദ്രീകരിച്ച സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഫെർട്ടിലിറ്റി മാനേജ്മെന്റ് എന്ന സ്ഥാപനം വകുപ്പിന് കീഴിൽ പ്രവർത്തിച്ച വരുന്നു. പ്രത്യുല്പാദന തകരാറുള്ള കന്നുകാലികളുടെ രക്തസാമ്പിളുകൾ ഫീൽഡ് തല ഉദ്യോഗസ്ഥർ ശേഖരിച്ച അയയ്ക്കുകയും അവ പരിശോധിച്ച കന്നുകാലികളിലെ ധാതുക്കളുടെ കുറവ്, ഹോർമോൺ വ്യതിയാനങ്ങൾ എന്നിവ കണ്ടെത്തുന്നു. പരിശോധനാഫലം അനുസരിച്ച ഉരുക്കൾക്കു ആവശ്യമായ ചികിത്സ നൽകുന്നതിനും വന്ധ്യതാ പരിഹരിക്കുന്നതിനും ഇതുവഴി സാധ്യമാകുന്നു.<br><br>കൃത്രിമബീജ സങ്കലനം മെച്ചപ്പെടുത്തുന്നതിന് KLDB വിതരണം നടത്തുന്ന ഗുണമേന്മയുള്ള ശീതികരിച്ച ബീജമാണ് വകുപ്പിന്റെ സ്ഥാപനങ്ങൾ വഴി കന്നുകാലികളിൽ ഉപയോഗിക്കുന്നത്. കൂടാതെ |

| | | | |
|---|---|---|---|
| | | | കൃത്രിമബീജസങ്കലനം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ റിഫ്രഷർ ട്രെയിനിങ് KLDB വഴി നൽകുന്നുണ്ട്. കർഷകർക്കും ആവശ്യമായ ബോധവൽക്കരണം LMTC കൾ മുഖേനെ നൽകുന്നു. SIAFM വഴിയും കന്നുകാലികളിലെ പ്രത്യുല്പാദനക്ഷമതയുമായി ബന്ധപ്പെട്ട സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ